**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4661 28/06/2013-ൽ മറുപടിയ്ക്ക്

# ഇളനീർ തെങ്ങുകൾ കൃഷി ചെയ്യാൻ നടപടി

ചോദ്യം
ശ്രീ. ഇ. കെ. വിജയൻ

മറുപടി
**ശ്രീ. കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തിന്റെ ആവശ്യത്തിനായിവരുന്ന ഇളനീർ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ഉണ്ടെങ്കിൽ കേരളത്തിൽ ഇളനീർ തെങ്ങുകൾ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

എ) & ബി) സംസ്ഥാനത്തിന്റെ ആവശ്യത്തിനായി ഇളനീർ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല.

കുറിയ ഇനം തെങ്ങിനങ്ങൾ ഇളനീർ ലഭ്യമാക്കുന്നതിന് വളരെയധികം അനുയോജ്യമാണ്. 2012-13 സീസണിൽ 9000 ഇത്തരത്തിലുള്ള തെങ്ങിൻ തൈകളാണ് വിതരണം നടത്തുന്നത്. 2013-14 വർഷത്തിൽ ഇത്തരത്തിലുള്ള കൂടുതൽ തെങ്ങിൻ തൈകൾ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സി) വിളവുകൂടിയതും നേരത്തെ കായ്ക്കുന്നതുമായ നല്ലയിനം തെങ്ങിൻ തൈകൾ കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

സി) നിലവിൽ കൃഷി വകുപ്പ് TxD DxT എന്നീ ഇനങ്ങളിൽപ്പെട്ട തെങ്ങുകൾ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. കേന്ദ്ര ആവിഷ്കൃത പദ്ധതി പ്രകാരം 2013-14 വർഷത്തിൽ ഇപ്രകാരം 1 ലക്ഷം തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2012-13 വർഷത്തിൽ ഉല്പാദിപ്പിച്ച 31331 DxT തൈകളും, 45712 DxT തൈകളുംകൃഷി ഭവൻ മുഖേന കർഷകർക്ക് വിതരണം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**